# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4115 27/06/2012-ൽ മറുപടിക്ക്

## അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | കുമാരി. പി.കെ. ജയലക്ഷ്മി<br>*(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)* | |
| എ | അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിവരിക്കുമോ; | എ | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി കണ്ടെത്തിയിട്ടുള്ള അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി അമ്മമാരുടെയും കുട്ടികളുടെയും ഭൗതിക-ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഭവന നിർമ്മാണം, ജീവനോപാധിയ്ക്കായി കന്നുകാലി വളർത്തൽ, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കടകൾ, തയ്യൽ പരിശീലനം തുടങ്ങിയവയ്ക്ക് 6,89,08,500/- രൂപയുടെ പദ്ധതി 2011-12 വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഇതു കൂടാതെ അവിവാഹിതരായ ആദിവാസി അമ്മമാർക്ക് 15.06.2011 ലെ സ.ഉ. (കൈ) 32/11/പജപവവിവ പ്രകാരം പ്രതിമാസ പെൻഷൻ 300/- രൂപയിൽ നിന്നും 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി പെൻഷൻ പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. |
| ബി | അവിവാഹിതരായ പട്ടികവർഗ്ഗക്കാരായ അമ്മമാരുടെ പുനരധിവാസത്തിനായി കഴിഞ്ഞവർഷം എത്ര തുക ബജറ്റിൽ വകകൊള്ളിച്ചിരുന്നു; അതിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ? | ബി | അവിവാഹിതരായ പട്ടികവർഗ്ഗക്കാരായ അമ്മമാരുടെ പുനരധിവാസ പദ്ധതിയ്ക്കായി മുൻവർഷം 6,89,08,500/- രൂപ വകയിരുത്തിയിരുന്നു. അതിൽ 3,06,70,709/- രൂപ 31.03.2012 വരെ ചെലവഴിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ